(ബി) നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്കുള്ള സുഗമമായ യാത്രയ്ക്ക് ഏറ്റവും ആവശ്യമായ ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സ്ഥലമെടുപ്പ് നിർദ്ദേശങ്ങളും ചട്ടങ്ങളും 1.3.99-ൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് നൽകിയിട്ടുണ്ട്. സ്ഥലമെടുക്കുന്നതിനുള്ള റിക്വസിഷൻ ജില്ലാ കളക്ടർക്ക് നൽകി. നിർദ്ദിഷ്ട ദേശീയ എക്സ്പ്രസ്സ് വേയുടെ ഭാഗമായി ആലുവ മുതൽ അങ്കമാലിവരെയുള്ള 15 കിലോമീറ്റർ നാലുവരിയായി വികസിപ്പിക്കുന്നതിന് ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ കേന്ദ്രം ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഈ പദ്ധതി അടിയന്തിരമായി ഏറ്റെടുത്ത് നടപ്പാക്കാൻ ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ സമ്മർദ്ദം ചെലുത്തിവരുന്നു.

121 (1340) നെടുമ്പാശ്ശേരി വിമാനത്താവള റോഡിന്റെ റെയിൽവേ മേൽപ്പാലം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി വിമാനത്താവള റോഡിലെ റെയിൽവേ മേൽപ്പാലം ടെൻഡർ വിളിച്ചപ്പോൾ ഇപ്പോഴത്തെ കരാറുകാരൻ പൈലിംഗ് ജോലിക്ക് കുട്ടേഷൻ നൽകിയിരുന്നത് 3200 രൂപയ്ക്കും വകുപ്പ് നേരിട്ട് നടത്തുന്ന റോഡ്പണിയുടെ കോൺട്രാക്ടർ റെയിൽവേ മേൽപ്പാലത്തിന്റെ പൈലിംഗ് ജോലിക്ക് 3400 രൂപയ്ക്കും കുട്ടേഷൻ നൽകിയിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ;

(ബി) റെയിൽവേ മേൽപ്പാലത്തിന്റെ പൈലിംഗ് ജോലിക്ക് 3,400 രൂപ കുട്ടേഷൻ നൽകിയ അതേ കരാറുകാരന് ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തുന്ന ബൈഡക്ടിന്റെ കരാറിൽ പൈലിംഗ് ജോലിക്ക് കൂടുതൽ തുക നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കരയിൽ പണിയുന്ന ബൈഡക്ടിന് ഉയർന്ന ശതമാനം നിരക്ക് ഡിപ്പാർട്ടിമെന്റ് അനുവദിച്ചുകൊടുക്കുകയും വെള്ളത്തിൽ പണിയുന്ന കരാർ ജോലികളിൽ ഇതിലും കുറഞ്ഞ നിരക്കിൽ പൈലിംഗ് നടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) റെയിൽവേ മേൽപ്പാലത്തിന്റെ റയിൽവേ ലൈനിന് മുകളിൽ വരുന്ന ഭാഗം റെയിൽവേ വകുപ്പു നേരിട്ടാണ് ചെയ്യുന്നത്. റെയിൽവേ മേൽപ്പാലം മൊത്തം നിർമ്മാണച്ചെലവ് ഗവൺമെന്റ് നിർദ്ദേശിച്ച 55% കവിയാത്ത വിധത്തിലാണ് വിവിധ ഐറ്റങ്ങൾക്ക് റേറ്റ് നിശ്ചയിച്ചിട്ടുള്ളത്. പൈൽ ഫൗണ്ടേഷൻ നിർമ്മാണത്തിനും വിവിധ തരം സബ്സ്ട്രാറ്റ ആക്കി പല നിരക്കുകളാണ് നിജപ്പെടുത്തിയിട്ടുള്ളത്. കൂടാതെ റെയിൽവേയുടെ നിരക്കും ഡിപ്പാർമെന്റ് നിരക്കും തമ്മിൽ വ്യത്യാസങ്ങളുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു പ്രത്യേക ഐറ്റം മാത്രമെടുത്ത് റെയിൽവേ റേറ്റും ഡിപ്പാർട്ടുമെന്റേറ്റും തമ്മിൽ താരതമ്യപ്പെടുത്തുന്നത് ശരിയല്ല. ഒരു പ്രത്യേക ഐറ്റം നോക്കിയല്ല പല ഘടകങ്ങളും കണക്കിലെടുത്താണ് കരാറുകാർ റേറ്റ് കോട്ട് ചെയ്യുന്നത്.

(സി) ഇല്ല. വെള്ളത്തിലും കരയിലും നടത്തുന്ന വിവിധ പൈലിംഗ് പണികൾക്ക് മണ്ണിന്റെ സ്വഭാവമനുസരിച്ച് വിവിധ റേറ്റുകൾ നൽകേണ്ടി വരാറുണ്ട്.

122 (1341) ഇരുമ്പനം-കളമശ്ശേരി റോഡ്

<u>ശ്രീ. കെ. മുഹമ്മദാലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുമ്പനം-കളമശ്ശേരി റോഡ് നെടുമ്പാശ്ശേരി വിമാനത്താവളം വഴി അങ്കമാലിയിലേയ്ക്ക് നീട്ടുന്നതു സംബന്ധിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ വർക്കിനു ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) ഈ റോഡിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്കുള്ള യാത്രാക്ലേശം കണക്കിലെടുത്ത് ഈ റോഡിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കളമശ്ശേരി മുതൽ ആലുവാവരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ആലുവായിൽ നിന്നും നെടുമ്പാശ്ശേരി വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തിയായി. ആലുവ അശോകപുരം മുതൽ മഹിളാലയം ജംഗ്ഷൻവരെയുള്ള അലൈൻമെന്റ് തയ്യാറാക്കി പരിശോധനയിലാണ്. ബാക്കി ഭാഗത്തെ അലൈൻമെന്റ് തയ്യാറാക്കേണ്ടതുണ്ട്.

(ബി) കളമശ്ശേരി മുതൽ മഹിളാലയം വരെയുള്ള ഭാഗത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റവും വേഗം ആരംഭിക്കുന്നതാണ്.

123 (1342) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എന്തു തുകയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly